## കേരള സർക്കാർ

സംഗ്രഹം

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - റേഷൻ കാർഡ് സംബന്ധിച്ച ഓൺലൈൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ (സി) വകുപ്പ്**

സ.ഉ. (എം.എസ്) നം. 21/2018/വിസവ. തീയതി, തിരുവനന്തപുരം, 20.8.2018

---

പരാമർശം:- 1. 09.05.2018 ലെ സ.ഉ.(പി) നം. 03/2018/വിസവ നമ്പർ ഉത്തരവ്

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 11.07.2018 ലെ (സി.എസ്) എ 6-19331/2017 നമ്പർ കത്ത്

### ഉത്തരവ്

അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം **1** പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സേവനങ്ങൾ നൽകുമ്പോൾ അക്ഷയ കേന്ദ്രങ്ങൾക്ക് ഇടാക്കാവുന്ന സർവ്വീസ് ചാർജ്ജ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർ പരാമർശം **2** പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾ നൽകുമ്പോൾ അക്ഷയ കേന്ദ്രങ്ങൾക്ക് ഇടാക്കാവുന്ന സർവ്വീസ് ചാർജ്ജ് ചുവടെ പറയുന്ന പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം.** | **സേവനം** | **സർവ്വീസ് ചാർജ്ജ്** |
|---|---|---|
| 1 | പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ<br>(ഡേറ്റാ എൻട്രി, രേഖകൾ അപ് ലോഡ് ചെയ്യുന്നതുൾപ്പെടെ) | 50/- രൂപ |
| 2 | റേഷൻ കാർഡുമായി ബന്ധപ്പെട്ട മറ്റു സർവ്വീസുകൾക്ക് | 25/- രൂപ |
| 3 | ഒരു റേഷൻ കാർഡുമായി ബന്ധപ്പെട്ട ഒന്നിലധികം സർവ്വീസുകൾക്ക് ആകെ | 50/- രൂപ |

സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുള്ള നിരക്കുകൾ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ നിശ്ചിത ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ അക്ഷയ സംരംഭകർക്കും നൽകുന്നതിന് അക്ഷയ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതും ആയത് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വിനോദ്.ജി

ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ